## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ :2944**

**18/08/2017 ൽ**
**മറുപടിയ്ക്ക്**

### കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിന് നടപടി

**ചോദ്യം**
**ശ്രീ. കെ.മുരളീധരൻ**
**ശ്രീ.സണ്ണി ജോസഫ്**

**ഉത്തരം**
**ശ്രീമതി.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിവരിക്കാമോ ; | (എ) യും (ബി) യും | കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്), പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തു വരുന്നു.<br>കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ) യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് |
| (ബി) | കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| | | | ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു.<br>കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ സ്ഥലത്ത് പുതുതായി കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016-17 ൽ പുതുകൃഷിയ്ക്കായി 1942.285 ഹെക്ടർ സ്ഥലത്തും മുറ്റത്തൊരു കശുമാവ് പദ്ധതിയ്ക്കായി 457 ഹെക്ടർ സ്ഥലത്തും ഇൻസ്റ്റിട്യൂഷൻ പ്ലാന്റിംഗിനായി 914 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യുന്നതിനുള്ള കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 3313.235 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2017-18 ൽ 1000 ഹെക്ടർ സ്ഥലത്ത് പുതുകൃഷി നടത്തുന്നതിനും 1500 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടത്തിനായും 1000 ഹെക്ടർ സ്ഥലത്ത് മുറ്റത്തൊരു കൃഷി പദ്ധതിയ്ക്കായും തൈകൾ വിതരണം തുടങ്ങിയിട്ടുണ്ട്. ആകെ 3500 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമുള്ള തൈകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ബഹു.മത്സ്യബന്ധന ഹാർബർ എഞ്ചിനിയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെയും, വനം വകുപ്പ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 24/5/2017 തീയതിയിൽ നടന്ന മീറ്റിംഗിൽ വച്ച് 300 ലധികം ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ സമ്മതിച്ച്; കൃഷി |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷം 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**